## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടി ക്രമം തിരുവനന്തപുരം

വിഷയം :- ആ.വ.ഡ -ജീവനക്കാര്യം - ഡോ.രാമൻ സ്വാതിവാമൻ , ജൂനിയർ അഡ്മിനി സ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ - അന്യത്ര സേവനത്തിനു ശേഷം തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. മേലെഴുത്ത് നം.ഇ.എ 6 - 41040 / 2021 /ആ.വ.ഡ തീയതി - 05/07/2021

2. സ.ഉ (സാധാ)നം.1431 / 2021 / ആ.കുവ തീയതി - 07/07/2021

**ഉത്തരവ് നം .ഇ.എ 2 - 800 (1) / 2020 / ആ.വ.ഡ തീയതി - 07/07/2021**

നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ കാസറഗോഡ് ജില്ലാ പ്രോഗ്രാം മാനേജരായി അന്യത്ര സേവനത്തിലായിരുന്ന ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസറായ ഡോ.രാമൻ സ്വാതിവാമന്റെ അന്യത്ര സേവന കാലയളവ് അവസാനിപ്പിച്ച് ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ പരാമർശപ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ ഡോ.രാമൻ സ്വാതിവാമൻ , ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസറെ പരാമർശം പ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് തരംതാഴ്ത്തിയ **കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ** തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം എം .വി.എച്ച് കോഴ്സ് ചെയ്യുന്നതിലേയ്ക്കായി വിടുതൽ ചെയ്യുന്നതിനുള്ള നടപടി ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ് )

ഡോ.വി.ആർ.രാജു

അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)

ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്

സ്വീകർത്താവ് -

ഡോ.രാമൻ സ്വാതിവാമൻ , ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ

പകർപ്പ്-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) തിരുവനന്തപുരം
3. ബന്ധപ്പെട്ട സൂപ്രണ്ട് / മെഡിക്കൽ ഓഫീസർ
4. ഫയൽ / കരുതൽ ഫയൽ

// അംഗീകാരത്തോടെ //

ANJ -07/07/21

സൂപ്രണ്ട്